**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1645** **15-03-2022 - ൽ മറുപടിയ്ക്ക്**

**കാർഷികമേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾക്കായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലഘട്ടത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർ കാർഷികമേഖലയിലും, അനുബന്ധമേഖലയിലും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ തല്പരരാകുന്ന സാഹചര്യത്തിൽ കൃഷി വകുപ്പ് ഇതിനായി പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | കോവിഡ് കാലഘട്ടത്തിൽ തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾ ഉൾപ്പെടെയുള്ളവർക്ക് കാർഷികമേഖലയിലും, അനുബന്ധമേഖലയിലും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ആരംഭിക്കുന്ന സംഭരണ സംസ്കരണ യൂണിറ്റുകൾ തുടങ്ങുവാനും അർഹരാണ്. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയുമായി ബന്ധപ്പെട്ടും സംരംഭകർക്ക് പങ്കാളികളാകാവുന്നതാണ്. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷകകൂട്ടായ്മകൾ എന്നിവ വഴിയും സംരംഭകർ കാർഷിക മേഖലയിൽ പങ്കാളികളാവുന്നതാണ്. സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് എസ്.എഫ്.എ.സി വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം തുടങ്ങിയ എല്ലാ വളർച്ചാ ഘട്ടങ്ങളിലും സഹായിക്കുവാൻ കേരളത്തിൽ കർഷക ഉത്പാദക സംഘടനകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. 50 പുതിയ FPOകൾ രൂപീകരിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | നിലവിലുള്ള 50 FPOകൾ ശാക്തീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ വി.എഫ്.പി.സി.കെ മുഖേന ഉത്പന്നങ്ങൾ അടിസ്ഥാനമാക്കി 38 എഫ്.പി.ഒ.കൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. എസ്.എഫ്.എ.സി. കേരള, വി.എഫ്.പി.സി.കെ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് FPOകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇത് വഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും, തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോല്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/ വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവയും ഈ വർഷം സഹകരണ വകുപ്പിന്റെ പങ്കാളിത്തത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്നു. ഇതിലൂടെയും സംരംഭകർക്ക് പങ്കാളികളാകാവുന്നതാണ്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFBയുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പാർക്കുകൾ സ്ഥാപിതമാകുമ്പോൾ സംരംഭകർക്ക് മേൽ പദ്ധതികളിൽ ഭാഗമാകാവുന്നതാണ്. |
| (ബി) | ഇത്തരത്തിൽ കാർഷിക-അനുബന്ധ മേഖലയിലേക്ക് കടന്നു വരുന്ന പുതിയ സംരംഭകരുടെ സംശയ നിവാരണത്തിനായി ഒരു കോൾ സെന്റർ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ; വെളിപ്പെടുത്താമോ? | (ബി) | കാർഷിക-അനുബന്ധ മേഖലയിലേയ്ക്ക് കടന്നു വരുന്ന പുതിയ സംരംഭകർക്കായും കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് സംശയനിവാരണത്തിനായും 1800-425-1661 എന്ന നമ്പറിൽ കാൾ സെന്റർ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മ തല സംരംഭം | 25 ലക്ഷം രൂപവരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |

സെക്ഷൻ ഓഫീസർ

Scanned with CamScanner